**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 19** **23-08-2022 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ഡോ. എം.കെ . മുനീർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തി വന്നിരുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടുണ്ടോ; | (എ) | **സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ശല്യം നേരിടുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടത്തി വന്നിരുന്ന തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്ന പദ്ധതി നിർത്തലാക്കിയിട്ടില്ല. പദ്ധതിയുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷന് തുക കൈമാറുന്നത് തൽകാലം നിർത്തിവക്കുന്നതിന് WP(C)No.13204/2021 പെറ്റീഷനിൽ 19/7/2021 തീയതിയിൽ ബഹു.ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സർക്കാരിൽ നിന്നുള്ള നിർദ്ദേശ പ്രകാരം എബിസി പ്രോഗ്രാമിന്റെ നിർവ്വഹണ ഏജൻസിയായ കുടുംബശ്രീ മിഷന് തുക കൈമാറുന്നത് ഗ്രാമപഞ്ചായത്തുകൾ തൽകാലം നിർത്തിവച്ചിട്ടുണ്ട്.** |
| (ബി) | ഈ പദ്ധതിയിൽ നിന്നും കുടുംബശ്രീ ഉൾപ്പെടെയുള്ള ഏജൻസികളെ ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന് പകരം പുതുതായി എന്ത് സംവിധാനമാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഒഴിവാക്കിയിട്ടില്ല. |
| (സി) | അക്രമകാരികളായ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | മേൽ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ